**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി കോർപ്പറേഷൻ -ജനറം/കെ.എസ്.യു.ഡി.പി പദ്ധതികളുടെ ഭാഗമായി സ്വീവേജ് പമ്പിംഗ് സ്റ്റേഷൻ നിർമ്മാണം-വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 32.56 ആർ സ്ഥലം അർജ്ജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. സി ) വകുപ്പ്**

**സ.ഉ.(സാ)നം. 664/09/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി: 17/03/2009**

---

പരാമർശം:- (1) 22/11/08 ലെ സ.ഉ(സാധാ) നം. 4109/08/തസ്വഭവ.
(2) 11/2/09 ലെ സ.ഉ(എം.എസ്) നം. 23/2009/തസ്വഭവ.
(3) 18/2/09 ലെ സ.ഉ(സാധാ) നം. 423/09/തസ്വഭവ.
(4) കൊച്ചി കോർപ്പറേഷൻ കൗൺസിലിന്റെ 25/2/09 ലെ 135-ാം നമ്പർ തീരുമാനം.
(5) കൊച്ചി നഗരസഭാ സെക്രട്ടറിയുടെ 2/2/09 ലെ എം.ഒ.പി 2-2935/08 നംപർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരസഭയിൽ -ജനറം/കെ.എസ്.യു.ഡി.പി പദ്ധതികളുടെ ഭാഗമായി സ്വീവേജ് പമ്പിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി എളംകുളം, എറണാകുളം,വില്ലേജുകളിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 32.56 ആർ സ്ഥലം സാധാരണ ക്ലോസ്സിലും ഫാസ്റ്റ് ട്രാക്കിലും അക്വയർ ചെയ്യുന്നതിന് യഥാക്രമം പരാമർശം (1),(2) എന്നിവയിലെ ഉത്തരവുകൾ പ്രകാരം അനുമതി നൽകുകയും തുടർന്ന് പരാമർശം (3) ലെ ഉത്തരവ് പ്രകാരം ആയത് അർജ്ജൻസി ക്ലോസിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ടി സ്ഥലങ്ങൾ പുനഃപരിശോധന നടത്തിയപ്പോൾ സർവ്വേ നമ്പരുകളിൽ മാറ്റങ്ങളുള്ളതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ സർവ്വേ നമ്പരുകൾ അടങ്ങിയ ഉത്തരവ് ലഭ്യമാക്കണമെന്ന് പരാമർശം (4) പ്രകാരം തീരുമാനിച്ച് പരാമർശം (5) പ്രകാരം കോർപ്പറേഷൻ സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ -ജനറം/കെ.എസ്.യു.ഡി.പി പദ്ധതികളുടെ ഭാഗമായി സ്വീവേജ് പമ്പിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കണയന്നൂർ താലൂക്കിൽ എളംകുളം, എറണാകുളം,വില്ലേജുകളിൽപ്പെട്ട വിവിധ സർവ്വേ നമ്പരുകളിലുള്ള ( 500/8 പാർട്ട് (00.02.56 Hr), 500/8 പാർട്ട് (00.04.20 Hr), 607/2 പാർട്ട് (00.04.05Hr), 647/2 പാർട്ട് (00.04.05 Hr), 713/1,7 പാർട്ട്, 744/1 പാർട്ട് (00.03.64 Hr), 724/3,2 പാർട്ട് 4(00.03.46 Hr), 824/2 പാർട്ട് (00.04.05 Hr), 914/1 പാർട്ട് (00.04.05 Hr), 918 പാർട്ട് 6, 919 പാർട്ട് 2, GCDA Park (00.02.50 Hr) 32.56 ആർ സ്ഥലം അർജ്ജൻസി ക്ലോസിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് അക്വിസിഷനാവശ്യമായ തുകയുടെ 80 % മുൻകൂറായി എറണാകുളം ജില്ലാ കളക്ടർ മുൻപാകെ ഒടുക്കേണ്ടതാണ് എന്നും അക്വസിഷൻ സംബന്ധമായി സർക്കാരിന് യാതൊരു വിധ സാമ്പത്തിക ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല എന്നുമുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ കൊച്ചി കോർപ്പറേഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
കെ.അനിൽകുമാർ
അണ്ടർ സെക്രട്ടറി

സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ
ജില്ലാ കളക്ടർ, എറണാകുളം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(വെബ്സൈറ്റിലും മറ്റും
പ്രസിദ്ധീകരിക്കുന്നതിനായി
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

Radh

സെക്ഷൻ ഓഫീസർ